# സ്വാമി ഗുരുവരാനന്ദ
# മെമ്മോറിയൽ ഗവ. ഹയർസെക്കണ്ടറി സ്കൂൾ

**കൊളത്തൂർ, കോഴിക്കോട് ജില്ല**





# ദീപ്തം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025–26


KOLATHUR
SGM GHSS KOLATHUR
KOZHIKODE DISTRICT

**ഉള്ളടക്കം**


- ആമുഖം
- സ്കൂൾ പൊതുവിവരങ്ങൾ
- അവസ്ഥാ വിശകലനം
- പൊതുലക്ഷ്യങ്ങൾ
- വിഷയമേഖലകൾ തിരിച്ചുള്ള ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും
- സംസ്കൃതം
- മലയാളം
- ഹിന്ദി
- ഇംഗ്ലീഷ്
- ഉറുദു
- അറബി
- സാമൂഹ്യശാസ്ത്രം
- ശാസ്ത്രം
- ഗണിതം
- കായികം
- പ്രവൃത്തിപരിചയം
- സ്കോളർഷിപ്പ് പരിശീലനം
- സാമൂഹികം

## സ്കൂൾ പൊതുവിവരങ്ങൾ

| | | |
|---|---|---|
| റവന്യൂജില്ല: | : | കോഴിക്കോട് |
| സ്കൂൾ കോഡ് | : | 47058 |
| സ്കൂളിൻറെ പേര്: | | സ്വാമി ഗുരുവരാനന്ദ മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ കൊളത്തൂർ |
| മേൽവിലാസം | : | കൊളത്തൂർ പി. ഒ, കോഴിക്കോട് |
| പിൻകോഡ് | : | 673315 |
| ഫോൺ നമ്പർ | : | 0495 2455032 |
| E-mail | : | govt.hss Kolathur@ gmail.com |
| ഗ്രാമപഞ്ചായത്ത്: | | നന്മണ്ട |
| വിദ്യാഭ്യാസ ജില്ല: | | താമരശ്ശേരി |
| സബ് ജില്ല | : | ബാലുശ്ശേരി |
| ക്ലാസുകൾ | : | 08 മുതൽ 12 വരെ |
| മാനേജ്മെൻറ് | : | ഗവൺമെൻറ് |
| പഠനം മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | : | ഡോ. എം.പി. വാസു<br>9387 373 383 |

# ആമുഖം

നമ്മുടെ കുട്ടികളുടെ ശേഷിയും ധാരണകളും മൂല്യങ്ങളും വികസിപ്പിച്ച് അവരെ അന്താരാഷ്ട്ര വിദ്യാഭ്യാസ നിലാവാരത്തിലേക്ക് എത്തിക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യം. അത്തരമൊരു ലക്ഷ്യത്തിലെത്തിച്ചേരാൻ ഭൗതികവും അക്കാദമികവും സാമൂഹികവുമായ രംഗങ്ങളിൽ വലിയ നേട്ടങ്ങൾ കൈവരിക്കേണ്ടതുണ്ട്. ഭൗതിക രംഗത്ത് സർക്കാറിന്റെയും ത്രിതലപഞ്ചായത്തുകളുടെയും കാര്യക്ഷമമായ ഇടപെടൽ മൂലം വളരെയേറെ മുന്നേറ്റങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. പൊതുവിദ്യാഭ്യാസരംഗത്ത് സാമൂഹികമായ ഇടപെടലും ഇപ്പോൾ വളരെ ശക്തമാണ്. ഈ അനുകൂലമായ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി അക്കാദമിക രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെയാണ് നാം ലക്ഷ്യം വെക്കുന്നത്. അതിനുതകുന്ന തരത്തിൽ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഏകോപിപ്പിച്ച് നടപ്പിലാക്കേണ്ടതുണ്ട്. വ്യത്യസ്ത പഠനനിലവാരത്തിലുള്ള കുട്ടികൾക്ക് അവരർഹിക്കുന്ന പരിഗണന നൽകിയും പ്രാദേശിക വിഭവങ്ങൾ കൂടി ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തും അക്കാദമിക് രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും. ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്തമായ സാധ്യതകൾ ഉപയോഗപ്പെടുത്തി ക്ലാസ് റൂം പ്രവർത്തനങ്ങൾ കൂടുതൽ സർഗ്ഗാത്മകവും ആകർഷകവുമാക്കേണ്ടതുണ്ട്. ഈ തിരിച്ചറിവിൽനിന്നാണ് **സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ** എന്ന വിശാലമായ ലക്ഷ്യത്തിലേക്ക് നാം എത്തിച്ചേർന്നത്. അതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ വിളിച്ചുചേർത്ത യോഗങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ഉൾച്ചേർത്തും, വിഷയസമിതികളിൽ നിന്നുയർന്നുവന്ന പഠനപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചും രൂപപ്പെട്ട സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ കരട് രേഖയാണ് ഇവിടെ സമർപ്പിക്കുന്നത്. കാലത്തിനും സാഹചര്യത്തിനും അനുസരിച്ചുയർന്നുവരുന്ന ആശയങ്ങളും പ്രായോഗികമായ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ കുട്ടിയുടെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാകുമെന്ന് കരുതുന്നു.

**മഹത്തായ വൈജ്ഞാനിക നേട്ടങ്ങളുടെ 51 ആണ്ടുകൾ പിന്നിടുകയാണ്**
**സ്വാമി ഗുരുവരാനന്ദ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ**

# SGM GHSS കൊളത്തൂർ

## ചരിത്രം

നന്മണ്ട ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് സ്വാമി ഗുരുവരാനന്ദ മെമ്മോറിയൽ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന പ്രദേശമായ കൊളത്തൂരിൽ ഒരു ഹൈസ്കൂൾ ആരംഭിക്കുന്നതിന്റെ ഭാഗമായി **30.01.1970** ന് ശ്രീ. എൻ. കെ ഗോപാലൻകുട്ടി നായർ പ്രസിഡണ്ടായും സ്വാമി ഗുരുവരാനന്ദ രക്ഷാധികാരിയായും കൊളത്തൂർ എജുക്കേഷണൽ സൊസൈറ്റി സ്ഥാപിച്ചു.

സൊസൈറ്റി വിലക്കുവാങ്ങിയതും സംഭാവന ലഭിച്ചതുമായ സ്ഥലം ഉൾപ്പെടെ മൂന്ന് എക്കർ ഒരു സെൻറ് സ്ഥലവും സ്വാമിയുടെ നേതൃത്വത്തിൽ നാട്ടുകാർ നിർമ്മിച്ച ആറ് മുറികളുള്ള കെട്ടിടവും സർക്കാരിലേക്ക് വിട്ടുകൊടുത്തു. 1975 ആഗസ് 15-ാം തീയതി അന്നത്തെ ബാലുശ്ശേരി മണ്ഡലം എം.എൽ.എ ശ്രീ.എ.സി ഷണ്മുഖദാസ് കൊളത്തൂർ ഗവൺമെൻറ് ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തു. ശ്രീ. കെ വി ആലിമാസ്റ്റർ ഹെഡ്മാസ്റ്റർ ഇൻ ചാർജ് ആയി 8-ാം തരത്തിൽ 101 വിദ്യാർഥികളോടെ ഒന്നാമത്തെ ബാച്ച് ആരംഭിച്ചു. ആദ്യത്തെ പ്രധാന അധ്യാപികയായ ശ്രീമതി. പി സരസ്വതി അമ്മയും പി ടി എ പ്രസിഡണ്ടായ ശ്രീ.ടി എച്ച് കണാരൻ കിടാവും രക്ഷാധികാരി ആയ സ്വാമി ഗുരുവരാനന്ദയും നേതൃത്വം നൽകിയതിന്റെ ഭാഗമായി തുടർ വർഷങ്ങളിൽ രണ്ട് ഓല ഷെഡുകൾ കൂടി നിർമ്മിച്ച് സർക്കാരിലേക്ക് നൽകി.

കൊളത്തൂർ ഗവൺമെൻറ് ഹൈസ്കൂളിന്റെ പിതാവ് എന്ന ബഹുമതിക്ക് അക്ഷരാർത്ഥത്തിൽ തന്നെ സ്വാമി ഗുരുവരാനന്ദ അർഹനാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ നാമധേയത്തിൽ ഈ വിദ്യാലയം അറിയപ്പെടണമെന്നുള്ള നാട്ടുകാരുടെ ആഗ്രഹപ്രകാരമാണ് 2014ൽ സർക്കാർ അനുമതിയോടെ ഈ വിദ്യാലയത്തിന്റെ പേര് മാറ്റി **സ്വാമി ഗുരുവരാനന്ദ മെമ്മോറിയൽ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ** എന്നാക്കി മാറ്റി. ഇതിനുവേണ്ടി പിടിഎ, സ്വാമി ഗുരുരാവനന്ദ പീസ് ഫൗണ്ടേഷൻ, സ്വാമി ഗുരുവരാനന്ദ ട്രസ്റ്റ് എന്നിവർ നടത്തിയ ശ്രമങ്ങൾ എടുത്തുപറയേണ്ടതാണ്. നാമകരണ ചടങ്ങ് 2014 ജനുവരി 17ന് ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. അബ്ദുൽ റബ്ബ് നിർവഹിച്ചു

2000-2001 അധ്യയന വർഷത്തിൽ ഈ വിദ്യാലയം ഹയർ സെക്കൻഡറി വിദ്യാലയമായി ഉയർത്തപ്പെട്ടു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലും മറ്റ് പിന്നോക്ക വിഭാഗങ്ങളിലുംഉൾപ്പെടുന്ന പാവപ്പെട്ട വിദ്യാർത്ഥികളുടെ അത്താണിയാണ് ഇന്നും ഈ വിദ്യാലയം.

ഇന്ന് 213 ആൺകുട്ടികളും 184 പെൺകുട്ടികളും ഉൾപ്പെടെ 397 വിദ്യാർത്ഥികൾ ഹൈസ്കൂൾ വിഭാഗത്തിലും, ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ 370 വിദ്യാർഥികൾ ഹയർ സെക്കൻഡറി വിഭാഗത്തിലും പഠിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ 18 അധ്യാപകരും 4 അനദ്ധ്യാപകരും, ഹയർ സെക്കൻഡറി വിഭാഗത്തിൽ 17 അധ്യാപകരും ഒരു അനദ്ധ്യാപകനും ജോലി ചെയ്യുന്നു.

സ്കൂളിന് ഭൗതിക സൗകര്യങ്ങൾ പൂർണമായും നേടിയെടുക്കാൻ സാധിച്ചില്ലെങ്കിലും, ഭൗതികമായി മികച്ച നിലവാരത്തിലേക്ക് ഉയരാനുള്ള പാതയിലാണ് സ്കൂൾ. ഹയർസെക്കൻഡറി വിഭാഗത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിലേക്ക് ഫണ്ട് ആയ മൂന്നു കോടി രൂപ അനുവദിച്ച് അതിൻെറ നിർമാണപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ ഹൈസ്കൂൾ വിഭാഗത്തിൽ ജില്ലാ പഞ്ചായത്തിന്റെ 50 ലക്ഷം ഉപയോഗിച്ച് നിർമ്മിച്ച ഗേൾസ് റസ്റ്റ് ഹൗസ്, സ്റ്റേജ്, ജില്ലാ പഞ്ചായത്തിന്റെ തന്നെ 20 ലക്ഷം ഉപയോഗിച്ച് നിർമ്മിച്ച ഡൈനിങ് ഹാൾ, ഓഡിറ്റോറിയം, ഗ്രൗണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ആയ 10 ലക്ഷം ഉപയോഗിച്ച് നിർമ്മിച്ച ആൺകുട്ടികളുടെ മൂത്രപ്പുര, മുഴുവൻ ക്ലാസുകളും ഹൈടെക് ആക്കുന്നതിന്റെ ഭാഗമായുള്ള വൈദ്യുതീകരണം, റൂഫിംഗ് എന്നിവ പൂർത്തിയായി വരുന്നു.

## നേട്ടങ്ങൾ

കഴിഞ്ഞ 15 വർഷങ്ങൾ തുടർച്ചയായി എസ്.എസ്.എൽ.സി 100% വിജയം നേടാനായി എന്നത് ഏറെ അഭിമാനാർഹമായ നേട്ടമാണ്. കഴിഞ്ഞ വർഷങ്ങളിൽ ഉപജില്ല സ്പോർട്സിൽ സ്കൂളിന് ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 2015ൽ സംസ്ഥാന കലോത്സവത്തിൽ കഥാരചനയിൽ ഒന്നാം സ്ഥാനം നേടിയ കാവ്യശ്രീ, 2016 ൽ സംസ്ഥാന ജൂനിയർ പെൺകുട്ടികളുടെ വോളിബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അശ്വതി, 2017 ൽ സംസ്ഥാന ജൂനിയർ ആൺകുട്ടികളുടെ വോളിബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അഭിനന്ദ്, സംസ്ഥാന നീന്തൽ മത്സരത്തിൽ പങ്കെടുത്ത് വിജയികളായ വൈഷ്ണ, അമൃതശ്രീ എന്ന വിദ്യാർത്ഥികളും, സംസ്ഥാന ഗണിതശാസ്ത്രമേളയിൽ സ്റ്റിൽ മോഡലിൽ വിജയിയായ ആയിഷ ഷഫ്നയും, സൈക്ലിംഗിൽ റഹീം റോഷൻ, അനുഗ്രഹ ശങ്കർ (കഥകളി, ഓട്ടൻതുള്ളൽ, കേരള നടനം) സ്കൂളിൻെറ യശസ്സ് സംസ്ഥാന തലം വരെ എത്തിച്ചവരാണ്

2017 കാശ്മീരിൽ വെച്ച് നടന്ന ദേശീയ അണ്ടർ 17 ഫുട്ബോൾ മത്സരത്തിൽ ചരിത്രവിജയം നേടിയെടുത്ത കേരള ടീമിൻെറ കോച്ചു കൂടിയായ ശ്രീ. ആന്റണി ജോർജിന്റെയും NIS കോച്ച് ശ്രീ.ഒ. ബാലൻ നായരുടെയും നേതൃത്വത്തിൽ സ്കൂളിൽ ആരംഭിച്ച ഫുട്ബോൾ, വോളിബോൾ പരിശീലനങ്ങൾ ഇപ്പോഴും തുടരുന്നു. പെൺകുട്ടികൾക്കായുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഫുട്ബോൾ അക്കാദമി ആരംഭിക്കാനുള്ള ഒരുക്കം തുടങ്ങിയിട്ടുണ്ട്.

കളിക്കൂട്ടം സ്കൂൾ തീയറ്ററിന്റെ നേതൃത്വത്തിൽ സ്കൂളിലെ കലാകാരന്മാർ അണിനിരന്ന ലഹരി വിമുക്ത ബോധവൽക്കരണ നാടകം 15-ഓളം വേദികളിൽ അവതരിപ്പിക്കാൻ സാധിച്ചു. കളിക്കൂട്ടത്തിന്റെ ഭാഗമായി സമീപപ്രദേശത്തെ വിദ്യാലയങ്ങളിലെ കുട്ടികളെകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കവിത, നാടക പരിശീലന കളരി നടത്തിവരുന്നു. തുടർച്ചയായി 6 വർഷം സബ്ജില്ല കായികമേളയിൽ ചാമ്പ്യൻഷിപ്പ് 2015 വർഷത്തെ മികച്ച വിദ്യാലയത്തിനുള്ള പാരഗൺ ഗ്രൂപ്പിന്റെ അവാർഡ് നമ്മുടെ വിദ്യാലയത്തിനാണ് ലഭിച്ചത്. മികച്ച അധ്യാപകനായി ശ്രീ. ശശീന്ദ്രദാസ് ആദരിക്കപ്പെട്ടു. പാർലമെന്ററി ബോധം കുട്ടികളിൽ വളർത്തുന്നതിന് വേണ്ടി സെമിനാർ സംഘടിപ്പിക്കപ്പെട്ടു. കൊറോണ കാലഘട്ടത്തിലും തുടർന്നുള്ള വർഷങ്ങളിലും അക്കാദമികതലത്തിലും കലാ കായികരംഗത്തും മികച്ചനേട്ടങ്ങൾ കൈവരിച്ചുകൊണ്ട് വിദ്യാലയം മുന്നേറിക്കൊണ്ടിരിക്കുന്നു. 2024-25വർഷത്തിൽ വിദ്യാഭ്യാസജില്ലയിൽ ഏറ്റവും മികച്ച എസ്.എസ്.എൽ.സി. വിജയം നേടിയ ഗവൺമെന്റ് സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു.

## പൊതുലക്ഷ്യങ്ങൾ

- 8 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടേയും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്താനാവശ്യമായ പഠനോപകരണങ്ങൾ ഭൗതികസാഹചര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.
- പഠനപ്രവർത്തനങ്ങൾ മികവുറ്റരീതിയിലാക്കുന്നതിനാവശ്യമായ അധ്യാപക ശാക്തീകരണ പരിപാടികൾ നടപ്പിലാക്കുക.
- കലാകായിക പ്രവൃത്തി പരിചയമേഖലകളിൽ ആധുനികവും ശാസ്ത്രീയവുമായ പരിശീലനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- സർഗ്ഗാത്മകപ്രവർത്തനങ്ങൾക്ക് വെളിച്ചം പകരുന്നതിനാവശ്യമായ തരത്തിൽ ശില്പശാല സംഘടിപ്പിക്കുകയും, വേദികൾ ഒരുക്കുകയും ചെയ്യുക.
- സ്കൂൾ ലൈബ്രറി, ലാബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠന പ്രകിയയുടെ ഭാഗമാക്കുക.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി ആവശ്യമായ പരിഹാരബോധന പ്രക്രിയ നടപ്പിലാക്കുക.
- പ്രതിഭാധനരായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കി പ്രതിഭാപോഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
- കാർഷികസംസ്ക്കാരവും, ശാസ്ത്രീയ മാലിന്യനിർമ്മാർജ്ജനത്തിനുള്ള അവബോധവും വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുക.
- ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പഠനയാത്രകൾ എന്നിവ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക.
- **വീടറിയാം കുട്ടിയെ അറിയാം** പദ്ധതിയുടെ ഭാഗമായി സമ്പൂർണ്ണ ഗൃഹസന്ദർശനം നടത്തി കുട്ടികളുടെ സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലത്തിന്റെ വിലയിരുത്തൽരേഖ തയ്യാറാക്കുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയിൽ നിന്നും മുക്തമായ ഒരു തലമുറയെ സൃഷ്ടിക്കുന്നതിനാവശ്യമായ **ക്വിറ്റ് ക്യാംപസ്** പ്രോഗ്രാം നടപ്പിലാക്കുക.
- **ജൈവവൈവിധ്യ ഉദ്യാനം** എന്ന ആശയം സ്കൂളിൽ പ്രാവർത്തികമാക്കുക, **പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്** എന്ന മുദ്രാവാക്യം നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- കുട്ടികളെ സേവന സന്നദ്ധപ്രവർത്തകരാക്കുന്നതരത്തിൽ സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
- വിദ്യാലയപ്രവർത്തനങ്ങൾ ഉർജ്ജ്വസ്വലമാക്കുന്നതിനാവശ്യമായ തരത്തിൽ സാമൂഹികമായി ഇടപെടലുകൾ ഫലവത്താക്കുക.
- സമഗ്രകായികവികസനം എന്ന ലക്ഷ്യം വെച്ച് കായികതാരങ്ങൾക്ക് താമ സിച്ച് പരിശീലനം നേടുന്നതിനായി സ്പോർട്സ് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക
- വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണി വളർത്തുന്നതിനായി തൊഴിൽ പ ശീലന പരിപാടികൾ നടപ്പിലാക്കുക.

# അവസ്ഥാ വിശകലനം

**ആമുഖം**

ഒരു വിദ്യാലയം വിലയിരുത്തപ്പെടുന്നത് അതിന്റെ ഭൗതികവും അക്കാദമികവുമായ മികവിനെ അടിസ്ഥാനപ്പെടുത്തിയാണ്. ഈ മികവുകൾ നേടുന്നതിന് ഒരു വിദ്യാലയത്തെ പ്രാപ്തമാക്കുന്നതിൽ സാമൂഹികമായ ഇടപെടലുകൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ശിശുസൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്ന തരത്തിൽ ഭൗതിക സാഹചര്യങ്ങൾ മാറ്റുകയും, ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി അക്കാദമിക മേഖല പ്രബലപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ബന്ധപ്പെട്ട മേഖലകളിൽ നിലവിലുള്ള അവസ്ഥ വിശകലനം നടത്തി പോരായ്മകൾ പരിഹരിക്കുന്ന തരത്തിൽ ഫലപ്രദമായ ഇടപെടലുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോഴാണ് ഒരു വിദ്യാലയം മികവിന്റെ കേന്ദ്രമാകുന്നത്.

1. വിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം 3 ഏക്കർ 1 സെന്റാണ്. 1970 ൽ നിലവിൽവന്ന കൊളത്തൂർ എഡ്യൂക്കേഷണൽ സൊസൈറ്റിയാണ് ഇത്രയും സ്ഥലം സ്കൂളിന് ലഭ്യമാക്കിയത്.
2. 8 മുതൽ 12 വരെ ക്ലാസുകളാണ് ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നത്
3. വിദ്യാലയം പ്രവർത്തിക്കുന്ന 2 കെട്ടിടങ്ങൾ, ലൈബ്രറി കെട്ടിടം, ഗേൾസ് റെസ്റ്റ് ഹോം, പാചകപ്പുര, ഓഡിറ്റോറിയം, എന്നിവ വിദ്യാലയത്തിലുണ്ട്.
4. ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച് പഠിക്കുന്നു.

ആറാം അദ്ധ്യയനദിനം 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. ൽ | | | ബി. പി. ൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ |
| **8** | 4 | 70 | 52 | 122 | 15 | 9 | 24 | 1 | 0 | 1 | 22 | 15 | 37 | 1 | 0 | 1 | 18 | 14 | 32 | 13 | 14 | 27 | 51 | 30 | 81 | 19 | 22 | 41 |
| **9** | 4 | 74 | 75 | 149 | 8 | 13 | 21 | 1 | 1 | 2 | 24 | 26 | 50 | 0 | 1 | 1 | 30 | 20 | 50 | 11 | 14 | 25 | 44 | 32 | 76 | 30 | 43 | 73 |
| **10** | 3 | 69 | 57 | 126 | 10 | 12 | 22 | 2 | 3 | 5 | 31 | 18 | 49 | 1 | 1 | 2 | 18 | 18 | 36 | 7 | 5 | 12 | 41 | 30 | 71 | 28 | 27 | 55 |
| ആകെ | | 213 | 184 | **397** | 33 | 34 | 67 | 4 | 4 | 8 | 77 | 59 | 136 | 2 | 2 | 4 | 66 | 52 | 118 | 31 | 33 | 64 | 136 | 92 | 228 | 77 | 92 | 169 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ |
| **8** | 29 | 19 | 48 | 41 | 33 | 74 | 0 | 0 | 0 | 0 | 0 | 0 | 70 | 52 | 122 |
| **9** | 37 | 26 | 63 | 37 | 49 | 86 | 0 | 0 | 0 | 0 | 0 | 0 | 74 | 75 | 149 |
| **10** | 37 | 23 | 60 | 32 | 34 | 66 | 0 | 0 | 0 | 0 | 0 | 0 | 69 | 57 | 126 |
| ആകെ | 103 | 68 | 171 | 110 | 116 | 226 | 0 | 0 | 0 | 0 | 0 | 0 | 213 | 184 | **397** |

| ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി ഹിന്ദി | | |
| സ്റ്റാൻഡേർഡ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 8 | 34 | 29 | 63 | 21 | 13 | 34 | 5 | 4 | 9 | 10 | 6 | 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | 41 | 41 | 82 | 15 | 15 | 30 | 7 | 9 | 16 | 11 | 10 | 21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 42 | 25 | 67 | 11 | 18 | 29 | 9 | 4 | 13 | 7 | 10 | 17 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 117 | 95 | 212 | 47 | 46 | 93 | 21 | 17 | 38 | 28 | 26 | 54 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

6. ഹൈസ്കൂൾ വിഭാഗത്തിൽ 19 ക്ലാസ് മുറികളും, ഹയർസെക്കണ്ടറി വിഭാഗത്തിൽ 6 ക്ലാസ് മുറികളും ഉണ്ട്. എന്നാൽ പ്രവൃത്തി പഠനം, കലാപഠനം, സന്ദർശനമുറി, സിക്ക് റൂം, എന്നിവ വിദ്യാലയത്തിലില്ല.

7. കുട്ടികൾക്ക് ബെഞ്ച്, ഡെസ്ക് എന്നീ സൗകര്യങ്ങളാണ് ഇരിപ്പിടത്തിനായി ഒരുക്കിയിട്ടുള്ളത്. എന്നാൽ കുറെയൊക്കെ പഴയതും, ഭാഗികമായി മാത്രം ഉപയോഗിക്കാൻ കഴിയുന്നതുമാണ്. അധ്യാപകർക്ക് മേശ, അലമാര എന്നിവ ആവശ്യത്തിനില്ല. ക്ലാസ്മുറികളിലേക്കാവശ്യമായ കസേര, മേശയും അധ്യാപകർക്കായി 25 കസേരകളും മേശകളും ലഭ്യമാക്കേണ്ടതുണ്ട്. ക്ലാസ്റൂം ലൈബ്രറിക്കാവശ്യമായ അടച്ചുറപ്പുള്ള അലമാരകങ്ങൾ എല്ലാ ക്ലാസുകളിലേക്കും ആവശ്യമാണ്.

8. ശാസ്ത്രപഠനം കാര്യക്ഷമമാക്കാൻ ആധുനിക അസൗകാര്യങ്ങളോടുകൂടിയ സയൻസ് ലാബ് ഒരുക്കേണ്ടതാണ്. ഓരോ ശാസ്ത്രവിഷയത്തിനും ഓരോ ലാബ് എന്ന രീതിയിൽ ലാബുകൾ സജ്ജീകരിക്കപ്പെടേണ്ടതുണ്ട്.

9 പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ റൂമുകൾ, സന്ദർശകമുറി, വായനാമുറി, ക്ലാസ് ലൈബ്രറി സൗകര്യങ്ങൾ, സെമിനാർ ഹാൾ, ഓഡിറ്റോറിയം, നീന്തൽക്കുളം, സിന്തറ്റിക് ട്രാക്ക് എന്നിവ ആവശ്യമുണ്ട്.

10 എല്ലാ ക്ലാസുകളിലേക്കും പത്രങ്ങളും ആനുകാലികങ്ങളും ആവശ്യമുണ്ട്.

11 നിലവിൽ സ്കൂളിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ 40 ലാപ്ടോപ്പ്, 12 എൽ.സി.ഡി പ്രൊജക്റ്ററുകൾ, 1 പ്രിന്റർ, 1 ഹാന്റികാം എന്നിവയുണ്ട്

| നമ്പർ | ഇനം | നിലവിലുള്ള എണ്ണം | | ആവശ്യമുള്ളത് | |
|---|---|---|---|---|---|
| | | HS | HSS | HS | HSS |
| 1 | കമ്പ്യൂട്ടർ | 13 | 10 | 10 | 20 |
| 2 | ലാപ്ടോപ്പ് | 40 | 4 | 10 | 6 |
| 3 | പ്രൊജക്ടർ | 12 | 2 | 3 | 2 |
| 4 | പ്രിന്റർ | 0 | 1 | 2 | 1 |
| 5 | ജനറേറ്റർ | 0 | 1 | 1 | - |
| 6 | ഡ്യുജിറ്റൽ ക്യാമറ | 1 | - | 2 | 1 |
| 7 | ഫോട്ടോസ്റ്റാറ്റ് മെഷീൻ | 0 | 0 | 1 | 1 |

12. ജല ലഭ്യതയ്ക്കായി 2 കിണറുകളുണ്ട്. 20,000 ലിറ്റർ കൊള്ളുന്ന ജലസംഭരണിയും, ജലവിതരണ സൗകര്യവുമുണ്ട്. വാഷ്ബേസിനുകളും, വാട്ടർടാപ്പുകളും ആവശ്യത്തിനില്ല എന്നത് പരിമിതിയാണ്. കുടിവെള്ളവിതരണത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്.
13. നിലവിൽ സ്കൂൾ ഗ്രൗണ്ടിൽവെച്ചാണ് അസംബ്ലി ചേരാറുള്ളത്. മാസത്തിൽ 2 തവണ അസംബ്ലി ചേരുന്നു. അസംബ്ലി ചേരുന്നതിന് ഒരു ഹാൾ നിർബന്ധമാണ്.
14. എട്ടാം തരത്തിലെ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകിവരുന്നു. പാചകത്തിനും വിതരണത്തിനുമായി അടുക്കള, ഡൈനിംഗ്ഹാൾ സൗകര്യം എന്നിവ വിദ്യാലയത്തിലുണ്ട്. ഇരിപ്പിടസൗകര്യങ്ങൾ, പാത്രങ്ങൾ എന്നിവ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്.
15. വിദ്യാലയത്തിൽ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. എല്ലാ ക്ലാസുകളിലും ട്യൂബ്, ഫാനുകൾ എന്നിവ ആവശ്യത്തിനുണ്ട്.
16. പുതുതായി നിർമ്മിക്കപ്പെട്ട സ്കൂൾ ഓഡിറ്റോറിയത്തിൽ മികച്ച ശബ്ദസംവിധാനവും എല്ലാസമയത്തും പരിപാടികൾ സംഘടിപ്പിക്കാനായി ഇൻവർട്ടർ അത്യാവശ്യമാണ്. ഫർണീച്ചറുകളും കുറവുണ്ട്.
17. എല്ലാ ക്ലാസുകളിലേക്കും ലൈബ്രറികൾ സൂക്ഷിക്കാനായി നല്ല അലമാരകൾ ആവശ്യമാണ്.
18. സൗകര്യപ്രദമായ സ്റ്റേജ് സൗകര്യം ഉണ്ട്. ജില്ലാ പഞ്ചായത്ത് ഫണ്ടിലുൾപ്പെടുത്തി നിലവിലെ ഒരു സ്റ്റേജ് നവീകരിച്ചിട്ടുണ്ട്. മറ്റൊരു സ്റ്റേജ് നവീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
19. കളിസ്ഥലസൗകര്യമുണ്ടെങ്കിലും ആധുനിക സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്നത് അസൗകര്യങ്ങൾ സൃഷ്ടിക്കുന്നു. നിലവിൽ വോളീബോൾ കോർട്ട്, ഒരു ഫുട്ബോൾ കോർട്ട് എന്നിവയാണുള്ളത്. ഷട്ടിൽ കോർട്ടിന് കൂടിയുള്ള സൗകര്യം ഒരുക്കേണ്ടതുണ്ട്. ഗ്രൗണ്ട് നവീകരണം നടന്നുകൊണ്ടിരിക്കുന്നു.
20. ലൈബ്രറിക്കായി ആധുനികവും മനോഹരവുമായ കെട്ടിടമുണ്ട്. താഴെ നിലയിൽ റീഡിംഗ് റൂം മുകളിലത്തെ നിലയിൽ പുസ്തകവിതരണം നടത്തുന്നു. കെട്ടിടം മെയിന്റേൻ ചെയ്ത് സുരക്ഷിതമാക്കുകയും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്.
21. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, വിഷയങ്ങൾക്ക് പ്രത്യേകം ലാബ് സൗകര്യമുണ്ട്. ഹൈസ്കൂളിൽ ഒരു സയൻസ് ലാബ് മാത്രമാണുള്ളത്. ഗണിതലാബ്. സാമൂഹ്യശാസ്ത്രലാബ്, എന്നിവ ഇനിയും ഒരുക്കേണ്ടതുണ്ട്.
22. ഒരു ഗ്രാമപ്രദേശമായതുകൊണ്ടുതന്നെ വാഹനസൗകര്യം പരിമിതമാണ് വിദ്യാലയത്തിന് സ്വന്തമായി വാഹനസൗകര്യമില്ല.
23. 200ഓളം വിദ്യാർഥികളെ ഉൾക്കൊള്ളിക്കുന്ന ഓഡിറ്റോറിയം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യപ്പെട്ടു. (2024 ജൂണിൽ)
മുഴുവൻ കുട്ടികളേയും ഉൾക്കൊള്ളിക്കുവാനാവശ്യമായ ഓഡിറ്റോറിയ സംവിധാനം ആവശ്യമുണ്ട്.

## അക്കാദമികം

1. കുട്ടികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തെകുറിച്ച് അറിയുന്നതിനായി ***വീട് അറിയാം കുട്ടിയെ അറിയാം*** എന്ന പേരിൽ ഗൃഹസമ്പർക്ക പരിപാടി നടത്തിവരുന്നു. നിലവിൽ എസ്. എസ്. എൽ. സി. വിദ്യാർഥികളുടെ വീടാണ് സന്ദർശിക്കുന്നത്. ഇത് മറ്റ് ക്ലാസുകളിലേക്ക് കൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചു.
2. അധ്യയനവർഷത്തിൽ തന്നെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികള കണ്ടെത്തുന്നതിനും പരിഹാരബോധനത്തിനുമായി **അക്ഷരപ്പുലരി-ശ്രദ്ധ** പദ്ധതി നടത്തിവരുന്നു.
3. എല്ലാ ദിവസങ്ങളിലും പൊതുവിജ്ഞാന ചോദ്യങ്ങൾ ഉൾപ്പെടുത്തി പൊതുവിജ്ഞാനസദസ്സ്, പത്രപാരായണത്തിനായി വാർത്താലോകം, **റേഡിയോ കൊളത്തൂർ** എന്നിവ നടത്തുന്നു.

## അദ്ധ്യാപകർ

| | ഹൈസ്കൂൾ | | | ഹയർ സെക്കന്ററി | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| സ്ഥിരം | 8 | 9 | 17 | 8 | 9 | 17 |
| താൽക്കാലികം | 1 | 2 | 3 | 1 | – | 1 |
| | | | | | | |

5. പരിശീലന പരിപാടികളിൽ കൃത്യമായി അധ്യാപകർ പങ്കെടുക്കാറുണ്ട്
6. സ്കൂൾ റിസോഴ്സ് ഗ്രൂപ്പുകളും വിഷയ സമിതികളും ചേർന്ന് തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കിവരുന്നു. ഈ പ്രവർത്തനങ്ങൾ സമയബന്ധിതവും കാര്യക്ഷമവും ആക്കേണ്ടതുണ്ട്

## വിഷയ സമിതികളും ചുമതലകളും

| നമ്പർ | വിഷയസമിതികൾ | ചുമതലകൾ |
|---|---|---|
| 1. | മലയാളം | സുസല സി. |
| 2. | സംസ്കൃതം | ലത്തീഫ് സി.കെ. |
| 3. | ഉറുദു | രേഷ്മ കെ. കൃഷ്ണൻ |
| 4. | ഇംഗ്ലീഷ് | മോഹൻകുമാർ |
| 5. | ഹിന്ദി | ലാലിക്കുട്ടി ടി.എം. |
| 6. | സാമൂഹ്യശാസ്ത്രം | റെയ്നി പി. |
| 7. | ഭൗതികശാസ്ത്രം | സിമിന എം. |
| 8. | ജീവശാസ്ത്രം | നവിത്ത് കൊട്ടോറ |
| 9. | ഗണിതം | കൊച്ചുത്രേസ്യ |
| 10. | കായികം | രേഷ്ണു വി. കൃഷ്ണൻ |

8. കുട്ടികളിൽ മാനസികാരോഗ്യം സൃഷ്ടിക്കുന്നതിനായി കൗൺസിലറുടെ സേവനം സ്കൂളിൽ ലഭ്യമാണ്.
ആഴ്ചയിൽ എല്ലാ ദിവസവും കൗൺസിലറുടെ സേവനം ലഭിക്കുന്നുണ്ട്.

9. കായിക മേഖലയിൽ വൻ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 6 തവണ തുടർച്ചയായി സ്പോർട്സ് ഗെയിം ചാമ്പ്യന്മാരാണ്. ഫുട്ബോൾ, (സുബ്രതോ കപ്പ്) വോളിബോൾ രംഗത്ത് സമഗ്ര പരിശീലനം നടന്നുവരുന്നു. കായിക താരങ്ങൾക്ക് സ്ഥിര താമസം, ശാസ്ത്രീയ പരിശീലനവും ലഭ്യമാക്കുന്നതിനായി സ്പോർട്സ് ഹോസ്റ്റൽ സംവിധാനം ഒരുക്കേണ്ടതുണ്ട്.

**10. CWSN കുട്ടികളുടെ എണ്ണം**

| ക്ലാസ് | VI | HI | MR | LD | ഓട്ടിസം | അംഗപരിമിതമിതർ | ആകെ |
|---|---|---|---|---|---|---|---|
| 8 | | | 1 | 1 | | | 1 |
| 9 | | | 1 | | | | 1 |
| 10 | | | 1 | | | | 1 |
| 11 | | | 2 | | | | 2 |
| 12 | 1 | | 3 | 2 | | (CP) 1 | 7 |

**10. SSLC വിശകലനം**

| വർഷം | ആൺ | പെൺ | ആകെ | വിജയശതമാനം |
|---|---|---|---|---|
| 2012-13 | 87 | 75 | 162 | 98% |
| 2013-14 | 74 | 55 | 129 | 100% |
| 2014-15 | 81 | 61 | 142 | 100% |
| 2015-16 | 83 | 88 | 171 | 100% |
| 2016-17 | 82 | 66 | 148 | 100% |
| 2017-18 | 80 | 60 | 140 | 100% |
| 2018-19 | 73 | 70 | 143 | 100% |
| 2019-20 | 80 | 65 | 145 | 100% |
| 2020-21 | 82 | 86 | 168 | 100% |
| 2021-22 | 65 | 78 | 143 | 100% |
| 2022-23 | 61 | 75 | 136 | 100% |
| 2023-24 | 68 | 70 | 138 | 100% |
| 2024-25 | 59 | 58 | 117 | 100% |

**10. സാമൂഹിക സംഘടനകളുടെ പങ്കാളിത്തം**

വിദ്യാലയത്തിൽ രക്ഷാകർത്തൃസമിതി സജീവമാണ്.
SMC, SPG ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നുവരുന്നു.

| ഇനം | പി.ടി.എ. | SMC | SPG | CPTA |
|---|---|---|---|---|
| യോഗങ്ങളുടെ എണ്ണം | 12 | 2 | 2 | 3 |
| ശരാശരി ഹാജർ | 85% | 80% | 84% | 90% |

# സ്വാമി ഗുരുവരാനന്ദ മെമ്മോറിയൽ
# ഗവ: ഹയർ സെക്കന്ററി സ്കൂൾ
### കൊളത്തൂർ

# മാസ്റ്റർപ്ലാൻ 2025-26

## സംസ്കൃതം

**പ്രതീക്ഷിത നേട്ടങ്ങൾ**

1. അക്ഷരപഠനം.
2. വാക്യരചനാ ശേഷി നേടും..
3. കഥ, കവിത, ശ്ലോകങ്ങൾ, സുഭാഷിതങ്ങൾ എന്നിവ എഴുതാനും, പാടാനും അവതരിപ്പിക്കുവാനും ഉള്ള കഴിവുനേടും.
4. ഭാഷാപഠത്തിനാവശ്യമായ ക്ലാസ് ലാബുകളുടെ നിർമ്മാണം.
5. പരിസ്ഥിതി സംരക്ഷണം, പൗരബോധം, മാനവികത...എന്നിങ്ങനെ മൂല്യബോധം വളർത്തുന്ന പ്രവർത്തങ്ങളുടെ ആസൂത്രണം

## സ്വാമി ഗുരുവരാനന്ദ മെമ്മോറിയൽ ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കൊളത്തൂർ

| മേഖല | പദ്ധതിയുടെ പേര് | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണം | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| കേൾവി<br>വായന | ലേഖനം<br>സംഭാഷണം | അക്ഷരപരിചായനം, സംഭാഷണപരിചയം, ഭിത്തിപത്രിക നിർമ്മാണം, പരിസ്ഥിതി ദിനം, സംസ്കൃതസമിതി രൂപീകരണം | ജൂൺ 2-15<br>ജൂൺ 20 | അദ്ധ്യാപകൻ, സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| സംഘാടനം | പരിശീലനം | അക്ഷരശ്ലോകസമിതി ഉദ്ഘാടനം<br>അക്ഷരശ്ലോകപഠനം, യോഗപരിശീലനം<br>സംസ്കൃതോത്സവഇന പരിചായനം | ജൂലായ്<br>ജൂലായ് | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| പ്രദർശനം | ലേഖനം, സംഭാഷണം | യോഗ പ്രദർശനം, ആദികാവ്യാമൃതം<br>പ്രശ്നോത്തരം, സംസ്കൃത ദിനാചരണം | ആഗസ്ത് 9 | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| നിർമ്മാണ<br>അവതരണം | കലാപഠനം | നാടക ശിൽപശാല,<br>സംസ്കൃതരചനാ ശിൽപശാല | സപ്തംബർ | സംസ്കൃത സമിതി | രക്ഷാകർത്തൃ സമിതി | |
| | | സംസ്കൃതകലോത്സവ മത്സരങ്ങൾ<br>സേവനപ്രവർത്തനം പ്രഭാഷണമത്സരം | ഒക്ടോബർ | സംസ്കൃത സമിതി<br>സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി | |
| പരിശീലനം | | ധിഷണാപരീക്ഷ (സ്കോളർഷിപ്പ്)<br>പരിശീലനക്ലാസ് ക്ലാസ് തലം/സ്കൂൾ തലം | നവംബർ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| | സംഭാഷണശിബിരം | സംസ്കൃതസംഗമ:<br>(ശിൽപശാല) | ഡിസംബർ 6 | സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി, അധ്യാപകൻ | |
| വിനോദം | | സംസ്കൃതപഠനയാത്ര | ജനുവരി<br>01-07 | സംസ്കൃത സമിതി | രക്ഷാകർത്തൃ സമിതി | |
| | | വാർഷിക പരീക്ഷ മോഡൽ പരീക്ഷ<br>പുന:സ്മരണം, റിവിഷൻ | ഫിബ്രുവരി | അധ്യാപകൻ | | |
| | | വാർഷിക പരീക്ഷ | മാർച്ച് | അധ്യാപകൻ | | |

**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ശ്രദ്ധ അക്ഷരപ്പുലരി ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ചിഹ്നം ഉറപ്പിക്കൽ അക്ഷരമുറപ്പിക്കൽ പദനിർമ്മാണം വാക്യനിർമ്മാണം ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | നാലുമാസം | മലയാളം അധ്യാപകർ | ഡിപ്പാർട്ട്മെൻറ് പ്രത്യേക തുക |
| 2) കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക | ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>വായന സമിതി രൂപീകരിക്കൽ,<br>സ്കൂൾ ലൈബ്രറി നവീകരണം<br>ആസ്വാദനക്കുറിപ്പ് മത്സരം , | ജൂൺ, ജൂലായ്<br>വർഷം മുഴുവൻ | SRG | |
| 3) പത്രവായന പരിപോഷിപ്പിക്കുക | പരമാവധി പത്രങ്ങൾ<br>സ്പോൺസർഷിപ്പ് ലഭ്യമാക്കൽ | വർഷം മുഴുവൻ | മലയാളം<br>അധ്യാപകർ<br>ആവശ്യമനുസരിച്ച് | പൂർവ്വ വിദ്യാർത്ഥികൾ |
| സർഗ്ഗശേഷി വികസനം | വായനക്കുറിപ്പ് നിർമ്മാണം സാഹിത്യക്വിസ്<br>പുസ്തകാസ്വാദനം അഭിമുഖം നാടൻപാട്ട്<br>കവിതാലാപനം പുസ്തക ചർച്ച | ദിനാചരണങ്ങൾ<br>സാഹിത്യം മത്സരങ്ങൾ<br>എന്നിവയുമായി<br>ബന്ധപ്പെട്ട് | PTA | |
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ<br>പ്രധാന ദിനാചരണങ്ങൾ<br>പഠനപ്രവർത്തനങ്ങളുമായി<br>സംഘടിപ്പിക്കൽ | ജൂൺ മാർച്ച് | SRG | |

## മേഖല : അക്കാദമികം ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

മിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ, ജൂലായ് |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തു | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്,പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. | ഡിസംബർ<br>ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായി ക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ , ജൂലായ് |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടു ത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്ത് സപ്തംബർ |
| പോസ്റ്റർതയ്യാറാക്കുവാനറിയുന്നു കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു | ദീർഘം<br>ഡിസംബർ നവംബർ |

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടു ത്തുക എന്നീ ലക്ഷ്യ ങ്ങളോടെ ഭാഷാവസ്തുതക ളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ നടത്തുന്നു. | നാടകം വേദിയിൽഅവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാ റാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ , ജൂലായ് |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറി യുന്നു.സ്വഭാവ സവിശേഷത കളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | കഥാപാത്രങ്ങലെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ ജനുവരി |

## ഉപമേഖല : ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയും ഉച്ചാരണവും മെച്ചപ്പെടുത്തൽ | വായന മെച്ചപ്പെടുത്താൻ ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കൽ വായന കാർഡുകൾ ,കവിതകൾ, ഫലിതങ്ങൾ, ബാല മാസികകൾ, വായന മത്സരം നടത്തൽ. | മൂന്നുമാസം ജൂൺ, ആഗസ്റ്റ് | ടീച്ചർ | |
| എഴുത്ത് മെച്ചപ്പെടുത്തൽ | അതാത് ദിവസങ്ങളിലെ പ്രധാന വാർത്തകൾ കുട്ടികൾ സ്വന്തം ശൈലിയിൽ എഴുതി പ്രദർശിപ്പിക്കുന്നു. വിശേഷ ദിവസങ്ങൾക്ക് അനുയോജ്യമായ പോസ്റ്ററുകൾ നിർമ്മിക്കുന്നു ക്ലാസ് കയ്യെഴുത്ത് മാസിക, വായന കാർഡ് നിർമ്മാണം | വർഷം മുഴുവൻ | ക്ലാസ് തല ഗ്രൂപ്പ് | |
| ഭാഷ കേൾക്കൽ ആസ്വദിക്കൽ | ഡിജിറ്റൽ സഹായത്തോടെ കഥ, കവിത, ഗസൽ കേൾപ്പിക്കൽ, | മാസത്തിൽ ഒരു പിരീഡ് | ഉറുദു ക്ലബ്ബ് | |
| ഉറുദു പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നത് | ഓരോ ആഴ്ചയിലും ഉറുദുവിലെ പൊതുവിജ്ഞാന ചോദ്യങ്ങളും ഉത്തരങ്ങളും നൽകൽ ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കൽ | എല്ലാ മാസവും | ടീച്ചർ, ഉറുദു ക്ലബ്ബ് | |
| ഉറുദു ലൈബ്രറി ശാക്തീകരണം | ക്ലാസ് ലൈബ്രറിയിലേക്ക് ഉറുദു പുസ്തകങ്ങൾ ലഭ്യമാക്കുക | ഒരു വർഷം | SRG | |

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ഡെയിലി കോൺവെർസേഷൻ ക്ലാസ് റൂമിൽ | മാസത്തിൽ ഒരു പിരീഡ് ദിവസവും | ടീച്ചർ | |
| ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗാത്മക രചനകൾ നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുക | പുസ്തക വായന മാഗസിൻ പത്രങ്ങൾ എന്നിവ വായിക്കാൻ പ്രോത്സാഹനം കഥ, കവിത ലേഖനം എഴുതാൻ പ്രോത്സാഹനം | മാസത്തിൽ ഒരു പിരീഡ് | ടീച്ചർ | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | റോൾപ്ലേ, സെമിനാർ ഡിബേറ്റ് , ഗ്രൂപ്പ് ഡിസ്കഷൻ കഥ പറയൽ, കവിത ആലാപനം | മാസത്തിൽ ഒരിക്കൽ | ടീച്ചർ | |
| വ്യാകരണം എഴുത്തും വായനയിലും ആശയവിനിമയത്തിലും | ഫ്രീ ടൈം ഉപയോഗപ്പെടുത്തുന്നു 9.30 am - 10 am 1.30 pm - 2PM | രണ്ടാഴ്ചയിൽ ഒരിക്കൽ | ടീച്ചർ | |
| ഇംഗ്ലീഷ് ലൈബ്രറി ശാക്തീകരണം | ക്ലാസ് ലൈബ്രറിയിലേക്ക് ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കുക | ഒരുവർഷം | SRG | |
| സാങ്കേതിക വിദ്യയുടെ ഉപയോഗം | ഇംഗ്ലീഷ് ഭാഷാവികസനത്തിനായി സാങ്കേതികവിദ്യാ സാധ്യതകൾ ഓൺലൈൻ പഠന അപ്ലിക്കേഷൻ, ഓഡിയോ വീഡിയോ ഉറവിടങ്ങൾ പ്രയോജനപ്പെടുത്തുക | | | |

**ഉപമേഖല : അറബിക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക<br>വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി<br>വായനാശീലം വളർത്തുക<br>നല്ല വായനക്കാർ ആവുക | പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു<br>കഥകൾ, കവിതകൾ ,ചിത്രകഥകൾ.....<br>വായന കോർണർ സ്ഥാപിക്കുക<br>വായന മത്സരം സംഘടിപ്പിക്കുക | ജൂൺ - നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | അധ്യാപകർ |
| എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവ വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു ഏറ്റവും മികച്ച മാഗസിന് സമ്മാനംനൽകും | സെപ്റ്റംബർ<br>നവംബർ | | അധ്യാപകർ |
| അറിവിൻ തിളക്കം | അറമ്പിക് ക്വിസ് . ഓരോ മാസവും. പത്രം വായിച്ച് ഹെഡിങ്ങ് അറബിയിലേക്ക് മാറ്റുന്നു. | മാസത്തിൽ ഒരിക്കൽ | | |
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു . അറബി സാഹിത്യോത്സവത്തിന് മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | ജൂൺ മുതൽ<br>എല്ലാ മാസവും | ലാപ്ടോപ്പ് | |
| ആസ്വാദനം | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ ആനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു | ജൂലൈ<br>ആഗസ്റ്റ് | SRG | അധ്യാപകർ |
| അറബിക് ലാംഗ്വേജ് ലാബ് | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | നവംബർ | കമ്പ്യൂട്ടർ<br>പ്രൊജക്ടർ | |
| അറബിക് ഫെസ്റ്റ്<br>അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെക്കുറിച്ച്കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ജനുവരി | കമ്പ്യൂട്ടർ, ടിവി,<br>പ്രൊജക്ടർ | |

## ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക | പൊതുവിജ്ഞാന സദസ്സ്<br>ദിവസവും അഞ്ച് ചോദ്യങ്ങൾ<br>മാസാന്ത്യ പൊതുവിജ്ഞാന സദസ്സ്, മെഗാ ക്വിസ് | വർഷം മുഴുവനും | ടീച്ചർ | |
| കുട്ടികളിൽ പത്രപാരായണ ശീലം വളർത്തുക | എല്ലാ ക്ലാസിലും പത്രം<br>ദൈനംദിന വാർത്ത വായന | വർഷം മുഴുവനും ഒരുതവണ | ടീച്ചർ | സുമനസ്സുകൾ<br>പൂർവ്വവിദ്യാർത്ഥികൾ |
| ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ സ്വാതന്ത്ര്യ സമര സേനാനികളെ കുറിച്ച് അറിയാനും ദേശാഭിമാനം വളർത്താനും | സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>ദേശഭക്തിഗാനം, പതിപ്പ് നിർമ്മാണം | വർഷത്തിൽ ഒരുതവണ | ടീച്ചർ | |
| സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരെ ചേർത്തുനിർത്താനും അനുതാപപൂർണമായ കരുതലും വളർത്തുക | വൃദ്ധസദന സന്ദർശനം, സാമ്പത്തിക സഹായനിധി ഒരുക്കുക | വർഷത്തിൽ ഒരുതവണ<br>വർഷം മുഴുവനും | ടീച്ചർ | പൂർവ്വവിദ്യാർത്ഥികൾ<br>വിദ്യാർത്ഥികൾ<br>അധ്യാപകർ |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കിമാറ്റിയെടുക്കുക പൗരബോധവും മൂല്യബോധവും വളർത്തുക | സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ്, മോക്ക് പാർലമെൻറ് | അക്കാദമിക വർഷത്തിലെ പ്രത്യേക ദിനങ്ങൾ | ടീച്ചർ | |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക | ചർച്ചകൾ, സംവാദം, അഭിമുഖങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | വർഷം മുഴുവനും | ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാപ്പിൽ സ്ഥലനിർണയം നടത്താൻ പഠിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ സഹായിക്കുന്നു.. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു അറ്റ്ലസ് നിർമ്മാണ മത്സരം | വർഷം മുഴുവനും സെപ്റ്റംബർ | ടീച്ചർ | |
| കെയർ, സാമ്പത്തിക സഹായം ആവശ്യമുള്ള അശരണരെ തങ്ങളാൽ കഴിയും വിധം സഹായിക്കുക | സാമ്പത്തിക സഹായം | വർഷം മുഴുവനും | ടീച്ചർ, സ്കൂൾ ലീഡർ | വിദ്യാർത്ഥികൾ അധ്യാപകർ |
| കുട്ടികളിൽ സഭാകമ്പം ഇല്ലാതെ ഏതെങ്കിലും വിഷയക്കുറിച്ച് സംസാരിക്കാനുള്ള ശേഷി വളർത്തുക | പ്രസംഗം മത്സരങ്ങൾ പ്രഭാഷണം | ദിനാചരണങ്ങളോടനുബന്ധിച്ച് | | |
| ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക | പഠനയാത്ര | വർഷത്തിൽ ഒരു തവണ | ടൂർ കമ്മിറ്റി ടീച്ചർ | വിദ്യാർത്ഥികൾ |
| പ്രാദേശിക ചരിത്ര രചനയിൽ പ്രാവീണ്യം വളർത്തുക | സ്ഥലനാമ ചരിത്രം കണ്ടെത്തൽ പ്രാദേശിക ചരിത്രരചനാ മത്സരം | വർഷത്തിൽ ഒരു തവണ | | |
| കുട്ടികളിൽ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ അറ്റ്ലസുകളുടെ നിർമ്മാണവും താല്പര്യവും വളർത്തുക | ശാസ്ത്രമേളയുമായി ബന്ധപ്പെട്ട് നൽകുന്ന വിദഗ്ധ പരിശീലനം | വർഷത്തിൽ ഒരു തവണ | SRG ടീച്ചർ | 4000 രൂപ |

**ഉപമേഖല : ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നു. | 1)ലഘു പരീക്ഷണങ്ങൾ<br>പിയർ ഗ്രൂപ്പുകളായി തിരിച്ച് ലഘുപരീക്ഷണങ്ങൾ ക്ലാസ് മുറികളിൽ ചെയ്യാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടിഎ |
| | 2) മോഡലുകളുടെ നിർമ്മാണം<br>ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് കുട്ടികൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ സ്വന്തമായി നിർമ്മിക്കുന്നു അവ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | | |
| നിരന്തരമായി അന്വേഷണം നടത്തുകയും വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയുംചെയ്യുന്നു | ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട സെമിനാറുകൾ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടിഎ |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | സ്കൂൾ ലൈബ്രറിയുടെ ശാസ്ത്ര ലൈബ്രറി വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നു.<br>സയൻസ് ലാബ് ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ ലൈബ്രേറിയൻ | പി.ടിഎ<br>ജില്ലാ പഞ്ചായത്ത് |
| മണ്ണിനെ കൃഷിയെ സ്നേഹി ക്കുകയും താൽപര്യത്തോടെ കാർഷികവൃത്തിയിൽ ഏർപ്പെടുകയും ചെയ്യാനുള്ള മനോഭാവം വളർത്തുക | ആധുനിക കൃഷി സമ്പ്രദായമായ വെർട്ടിക്കൽ ഫാമിംഗ്, ഗ്രോബാഗ് കൃഷി എന്നിവ ചുരുങ്ങിയ ചെലവിൽ പ്രാവർത്തികമാക്കൽ. | അക്കാദമിക വർഷം | അധ്യാപകർ വിദ്യാർത്ഥികൾ | പി.ടിഎ |
| INSPIRE ,YI P പദ്ധതികളിൽ ചേരാനും നൂതനാശയങ്ങൾ കണ്ടെത്താനുമുള്ള മനോഭാവം. | പി.ടിഎ മീറ്റിംഗ്, ഓറിയന്റേഷൻ ക്ലാസുകൾ, മുൻ പ്രവർത്തന മാതൃക | ജൂലൈ മാസം | സയൻസ് ക്ലബ്ബ് | പി.ടിഎ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ : മാത് സ്

| പ്രവർത്തനങ്ങൾ | വിവരണം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ഗണിതത്തിലെ അടിസ്ഥാന ധാരണകൾ ഉറപ്പിക്കൽ | ജൂൺ | ഗണിത അധ്യാപകർ |
| ശില്പശാല | ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജൂലൈ അഗസ്റ് | അധ്യാപകർ മാത്സ് ക്ലബ് , |
| സംഘപഠനം | ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുന്നു. | ഗണിത പ്രവർത്തനങ്ങൾ ലളിതമാക്കൽ | ആഗസ്റ്റ് ഒക്ടോബർ | മാത്സ് ക്ലബ് , |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കൽ | ഗണിത ലാബ് മെച്ചപ്പെടുത്തുന്നു | ഒക്ടോബർ | അധ്യാപകർ മാത്സ് ക്ലബ് , |
| ഗണിത മത്സരവേദികളിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ | ഗണിത മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | ഒക്ടോബർ നവംബർ | അധ്യാപകർ മാത്സ് ക്ലബ് , |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഗണിത ജീവിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തൽ | നവംബർ ഡിസംബർ | പിടിഎ അധ്യാപകർ |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്നു | രക്ഷിതാക്കളെ ഗണിതവുമായി ബന്ധപ്പെടുത്തുന്നു. | മാസത്തിൽ 1 | ക്ലബ്ബ് സെക്രട്ടറി പിടിഎ അധ്യാപകർ |

### ഉപമേഖല : ആരോഗ്യമുള്ള ശരീരം മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി മികവിലേക്കെത്തിക്കൽ | എല്ലാ ദിവസവും | കായിക അധ്യാപകൻ | |
| വിവിധ മത്സരങ്ങൾക്ക് കുട്ടികളെ ഒരുക്കൽ | ഫുട്ബോൾ പരിശീലനം വോളിബോൾ പരിശീലനം ഷട്ടിൽ ബാറ്റ് പരിശീലനം അൽഗ്രഹിക്പരിശീലന ക്യാമ്പുകൾ | ഒരു വർഷക്കാലം | കായിക അധ്യാപകൻ | |
| കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസം | വായന പുലർകാലം യോഗ എയ്റോബിക്സ് | ഒരു വർഷം മുഴുവനും | ചുമതലപ്പെട്ട അധ്യാപിക | ജില്ലാ പഞ്ചായത്ത് |

### ഉപമേഖല : മാനസികാരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാരീരികാരോഗ്യത്തോടൊപ്പം മാനസികാരോഗ്യം വളർത്താനും പിരിമുറുക്കങ്ങൾ കുറയ്ക്കാനും പരീക്ഷ പേടി ഇല്ലാതാക്കാനും | പ്രവർത്തനം ബോധവൽക്കരണ ക്ലാസുകൾ കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസുകൾ കൗൺസിലിംഗ് | മാസത്തിൽ ഒരു തവണ ആവശ്യമായവർക്ക് ഏത് സമയത്തും | കൗൺസലർ | |

### ഉപമേഖല : സർഗ്ഗസൃഷ്ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാപരമായ കഴിവുള്ള കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയൊരുക്കൽ | ക്രിയേറ്റീവ് കോർണർ | വർഷം മുഴുവൻ | എസ് ആർ ജി Art Teacher | |

## ഉപമേഖല: പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയപരിശീലനം | താല്പര്യമുള്ള കുട്ടികൾക്ക് പ്രവൃത്തിപരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ രക്ഷിതാക്കളുടെ പിന്തുണയും സാമൂഹിക പിന്തുണയും ഉറപ്പാക്കിക്കൊണ്ട് . | വർഷത്തിൽ ഒരു മാസം | എസ് ആർ ജി പ്രവൃത്തി പരിചയം ചാർജുള്ള അധ്യാപിക | പിടിഎ |

## ഉപമേഖല: കലാരംഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം വിവിധ മത്സരങ്ങൾക്ക് ഒരുക്കൽ | കലാപരമായ കഴിവുള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | വർഷത്തിൽ ഒരു മാസം | എസ് ആർ ജി ചാർജുള്ള അധ്യാപിക | |

## മേഖല അക്കാദമികം: സാമൂഹികം ഉപമേഖല : പി.ടി.എ .ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ട് എത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും . | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ നേട്ടങ്ങളും കോട്ടങ്ങളും അവതരണം ബോധവൽക്കരണ ക്ലാസുകൾ | വർഷത്തിൽ മൂന്ന് തവണ | SRG ക്ലാസ് ടീച്ചർ | |
| സമ്പൂർണ്ണ ഗൃഹസമ്പർക്ക പരിപാടി. | വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം | ഒക്ടോബർ, നവംബർ | എഡ്യുകെയർ | SRG |

## ഉപമേഖല: സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | N M M S ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് ചിട്ടയായ പരിശീലനം നൽകി ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പാക്കൽ | ജൂലൈ മുതൽ ഡിസംബർ വരെ | ചുമതലയുള്ള കമ്മിറ്റി | രക്ഷിതാക്കൾ PTA |

## ഉപമേഖല: പരിസരശുചിത്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും പരിസരവും | ക്ലാസ്റൂം വൃത്തിയാക്കൽ<br>ഹരിത ക്ലാസ് റൂം സമ്മാനവിതരണം<br>സ്കൂൾ സൗന്ദര്യവൽക്കരണം<br>മാലിന്യ നിർമാർജനം | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ പരിസ്ഥിതി ക്ലബ്ബ് | PTA |